# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1671 — 17/06/2013 ൽ മറുപടിക്ക്

## സർക്കാർ ജീവനക്കാരുടെ ആവിഷ്കാര സ്വാതന്ത്ര്യം

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. പി.കെ.ബഷീർ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സർക്കാർ ജീവനക്കാരുടെ സർഗ്ഗാത്മക രചനകൾ പ്രസിദ്ധീകരിക്കുന്നതിന് നിയമം മൂലമുള്ള നിയന്ത്രണങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഉണ്ട്. കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾ, 1960-ലെ വ്യവസ്ഥകൾ പ്രകാരം ഔദ്യോഗിക കർത്തവ്യത്തിന് വിഘ്നം വരുത്താതെ സർക്കാർ ഉദ്യോഗസ്ഥന് സാഹിത്യ, സാംസ്കാരിക, സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതും സർഗ്ഗാത്മക രചനകൾ നടത്താവുന്നതുമാണ്. സർക്കാർ ആവശ്യപ്പെടുന്ന പക്ഷം അത്തരം പ്രവർത്തനങ്ങൾ നിർത്തേണ്ടതാണ്. പുസ്തക പ്രസാധനത്തിനും മറ്റും സർക്കാരിന്റെ മുൻകൂർ അനുമതി നേടിയിരിക്കണം. |
| (ബി) കേന്ദ്ര സംസ്ഥാന സർവ്വീസുകളിൽ ഉൾപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർക്ക് സമാന നിയന്ത്രണ വ്യവസ്ഥകളാണോ ബാധകമായിട്ടുള്ളത് എന്ന കാര്യം വ്യക്തമാക്കുമോ ; | (ബി) 1960ലെ KGSC ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാന സർക്കാർ ജീവനക്കാരുടെ സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. കേന്ദ്ര സർക്കാർ ജീവനക്കാരുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് 1964-ലെ കേന്ദ്ര സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ട പ്രകാരമാണ്. |
| (സി) ജീവനക്കാരുടെ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ? | (സി) പെരുമാറ്റച്ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്വന്തം ഔദ്യോഗിക കർത്തവ്യത്തിന് വിഘ്നം വരുത്താതെ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതാണ്. |

സെക്ഷൻ ഓഫീസർ